## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.350      31.01.2014 ൽ മറുപടിയ്ക്ക്

### നദീജല ഗുണനിലവാര മോണിറ്ററിംഗ് സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) മലിനീകരണ നിയന്ത്രണ ബോർഡ് നദീജല ഗുണ നിലവാരം നിരീക്ഷിക്കുന്നതിന് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) നദീജലഗുണനിലവാരം കണക്കിലെടുത്ത് ABCDE എന്നീ അഞ്ച് ക്ളാസ്സുകളാക്കിയിട്ടുണ്ട്<br>A. സാധാരണ ശുദ്ധീകരണ നടപടികൾ ഇല്ലാതെ, എന്നാൽ അണുവിമുക്തമാക്കി കുടിക്കാവുന്ന സ്രോതസ്സുകൾ.<br>B. കുളിക്കാൻ.<br>C. സാധാരണ ശുദ്ധീകരണ നടപടികളും അണുവിമുക്തമാക്കിയും കുടിവെള്ളത്തിന്. |

| | | | |
|---|---|---|---|
| | | | D. വളർത്തുമൃഗങ്ങൾക്കും മത്സ്യം വളർത്താനും.<br>E. ജലസേചനം, വ്യവസായികം, നിയന്ത്രിത മാലിന്യ നിർമ്മാർജ്ജനം.<br>ഇതിൽ ഏതുവിഭാഗത്തിൽപ്പെട്ടതാണ് എന്നറിഞ്ഞ് പ്രതിവിധി സ്വീകരിക്കാനാണ് പരിശോധന നടത്തുന്നത്. ജലഗുണനിലവാരം അറിയുക, അത് പൊതുജനങ്ങളെ അറിയിക്കുക എന്നതാണ് ഉദ്ദേശ്യം. ജലഗുണ നിലവാരം വിശകലനം ചെയ്ത് വേണ്ട തുടർ നടപടികൾ സ്വീകരി ക്കാനും ഇത്തരത്തിലുള്ള മോണിറ്റ റിംഗ് സഹായകമാകും. |
| (സി) | ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | ഈ പരിശോധനകൾ നടത്താൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ആവശ്യമായ ശാസ്ത്രീയ സംവിധാനങ്ങളുണ്ട്. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനത്തുടനീളമുള്ള ജലാശയങ്ങളിൽ നിന്ന് കേന്ദ്ര സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തി 276 സ്റ്റേഷനുകളിൽ നിന്ന് സാമ്പിളുകൾ |

ശേഖരിച്ച് ജലഗുണനിലവാരം നിർണ്ണയിക്കുന്നു. ഇവയിൽ നദികളും, റിസർവോയറുകളും, കായലുകളും, കുളങ്ങളും, ഭൂഗർഭജലവും ഉൾപ്പെടും. മേൽപ്പറഞ്ഞ നിരീക്ഷണ ഫലങ്ങൾ ക്രോഡീകരിച്ച് വാട്ടർ ആന്റ് എയർ ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത് ബോർഡ് ഓഫീസുകളിലും, പബ്ളിക് ലൈബ്രറികളിലും, എഞ്ചിനീയറിംഗ് കോളേജ് ലൈബ്രറികളിലും ലഭ്യമാക്കുന്നുണ്ട്. പെരിയാർ നദിയിൽ മേത്താനം ഭാഗത്ത് ബോർഡ് ജലഗുണനിലവാരം തുടർച്ചയായി നിർണ്ണയിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ആയത് അപ്പപ്പോൾ പൊതുജനങ്ങളിൽ എത്തിക്കാൻ ഫാക്ട് ഉദ്യോഗമണ്ഡൽ ഓഫീസിനു മുമ്പിലുള്ള ട്രാഫിക് ഐലന്റിൽ ഒരു ഡിസ്പ്ളേ ബോർഡ് സ്ഥാപിച്ച് പ്രദർശിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ